## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*290** | **09.05. 2017 ൽ മറുപടിയ്ക്ക്**

## ജൈവപച്ചക്കറി ഉൽപ്പാദനവും വിപണനവും

| ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല | | മറുപടി<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|---|
| എ) | സംസ്ഥാനത്തിനാവശ്യമായ പച്ചക്കറി ജൈവകൃഷിയിലൂടെ ഉൽപ്പാദിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | എ) സംസ്ഥാനത്തിനാവശ്യമായ പച്ചക്കറി ജൈവ കൃഷിയിലൂടെ ഉൽപ്പാദിപ്പിക്കുന്ന കാര്യം ഘട്ടം ഘട്ടമായി നടപ്പിലാക്കി വരികയാണ്. കേരളത്തിലെ 14 ജില്ലകളിൽ നല്ല കൃഷിമുറകൾ പാലിച്ചുകൊണ്ട് 10,000 ഹെക്ടർ സ്ഥലത്ത് 407 ക്ലസ്റ്ററുകളിൽ നിന്നും ഉല്പാദിപ്പിച്ച വിഷരഹത പച്ചക്കറികൾ 'കേരള ഓർഗാനിക്" എന്ന ലേബലിൽ ഈ കഴിഞ്ഞ വിഷുവിന് വിപണനം നടത്തി. അടുത്ത 5 വർഷത്തിനുള്ളിൽ 50,000 ഹെക്ടർ സ്ഥലത്തേക്ക് ജൈവ പച്ചക്കറി വ്യാപിപ്പിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. നടപ്പ് സാമ്പത്തിക വർഷം ഇതിനായി 1000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| ബി) | എങ്കിൽ ഈ വർഷം എത്ര ഹെക്ടറിൽ ജൈവപച്ചക്കറി കൃഷി ഇറക്കുന്നകാര്യം പരിഗണനയിലുണ്ട്; അഞ്ച് വർഷംകൊണ്ട് എത്ര ഹെക്ടർ ഭൂമിയിൽ ജൈവപച്ചക്കറി കൃഷി നടത്താനാണ് ഉദ്ദേശിക്കുന്നത്; | ബി) അടുത്ത 5 വർഷം കൊണ്ട് 50,000 ഹെക്ടറിൽ ജൈവ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി 2016-17- ൽ രൂപരേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന സർക്കാർ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതിയിൽ 12500 ഹെക്ടറിൽ ക്ലസ്റ്റർ അടിസ്ഥാനത്തിൽ ജൈവകൃഷി നടപ്പിലാക്കുന്നതിനായി ഹെക്ടറിന് 3000 രൂപ വീതം ധനസഹായം നൽകുന്നതിനായി 375 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ട്. |

| | |
|---|---|
| സി) സംസ്ഥാനത്ത് ഇപ്പോൾ എത്ര ജൈവ ഇക്കോഷോപ്പുകൾ ആരംഭിച്ചിട്ടുണ്ട്; ഇതിന്റെ എണ്ണം വർദ്ധിപ്പിക്കുന്നകാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | സി) സംസ്ഥാനത്ത് നിലവിൽ 66 ജൈവ ഇക്കോഷോപ്പുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നടപ്പ സാമ്പത്തിക വർഷം സംസ്ഥാനത്തൊട്ടാകെ 100 ഇക്കോഷോപ്പുകൾ സ്ഥാപിക്കുന്നതിനായി 200 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ട്. |
| ഡി) ഈ പദ്ധതിയിലൂടെ ലക്ഷ്യംവെക്കുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ? | ഡി) ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിലൂടെ സുരക്ഷിത ഭക്ഷണം ഉറപ്പ് വരുത്തുക, ഉപഭോക്താക്കളുടെ ആരോഗ്യം മെച്ചപ്പെടുത്തുക, ജൈവ ഉല്പാദനോപാധികളുടെ ഉല്പാദനം പ്രോത്സാഹിപ്പിക്കുക, പരിസ്ഥിതിക്ക കോട്ടം വരാതെ സുസ്ഥിര കൃഷി പ്രോത്സാഹിപ്പിക്കുക, ജൈവ ഉല്പന്നങ്ങൾക്ക് അധിക മൂല്യം ലഭിക്കുക, കർഷകർക്ക് മെച്ചപ്പെട്ട വിപണന സൗകര്യം ലഭ്യമാക്കുക, ജൈവ വൈവിധ്യവും ഭക്ഷ്യ സുരക്ഷയും ഉറപ്പാക്കുക എന്നിവയാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ